## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം
## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ
## കാര്യാലയം, തിരുവനന്തപുരം.

(ഹാജർ : കെ.എൻ.സുജാത)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊമോഷൻ ക്രമീകരിച്ചുകൊണ്ടും സാമ്പത്തികാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

പരാമർശം :- 1) ഉത്തരവ് നം.എസ് എ (4) 7241/14 തീയതി, 27.07.2015.
2) ഉത്തരവ് നം.എസ് എ (2) 10220/15 തീയതി, 11.08.2015, 11.12.2015.
3) ഉത്തരവ് നം.എസ്.എ (2) 6000/16 തീയതി, 19.02.2016.
4) സർക്കാർ ഉത്തരവ് (സാധാ.) നം.393/16 കൃഷി തീയതി, 26.04.2016.
5) ഉത്തരവ് നം.എസ് എ (4) 7241/14 തീയതി, 05.05.2016.

## ഉത്തരവ് നം.എസ് എ (2) 6000/16 തീയതി, 06.06.2016

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന സീനിയർ ക്ലാർക്കുമാരുടെ താല്കാലിക പ്രൊമോഷൻ ലിസ്റ്റിനെ സംബന്ധിച്ച് തർക്കങ്ങൾ നിലനിന്നിരുന്നതിനാൽ പ്രസ്തുത താല്കാലിക പ്രൊമോഷൻ ലിസ്റ്റിൽ നിന്നും പരാമർശം (2), (3) എന്നിവ പ്രകാരം ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ താല്കാലിക പ്രൊമോഷൻ ലഭിച്ചവർക്ക് പ്രൊമോഷൻ ലഭിച്ച തസ്തികയിലെ ശമ്പള നിർണ്ണയം അനുവദിച്ചിരുന്നില്ല. എന്നാൽ പരാമർശം (4) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ താല്കാലിക പ്രൊമോഷൻ ലിസ്റ്റ് സീനിയർ ക്ലാർക്ക് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റായി പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽവിവരിച്ച സാഹചര്യത്തിൽ പരാമർശം (2), (3) എന്നിവ പ്രകാരം ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താല്കാലിക പ്രൊമോഷൻ ലഭിച്ചവരുടെ സ്ഥാനക്കയറ്റം ക്രമീകരിച്ചുകൊണ്ടും കേരള സേവന ചട്ടം ഒന്നാം ഭാഗം ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

**(ഒപ്പ്)**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിൻ കീഴിലുള്ള -
എല്ലാ ആഫീസ് മേലധികാരികൾക്കും.

പകർപ്പ് :-

1) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി എ-യ്ക്ക്.
3) സ്റ്റോക്ക് ഫയൽ / സ്പെയർ.

സൂപ്രണ്ട്

എസ്.എ.09/06.